ബയോ ഡൈവേഴ്സിറ്റി സെൽ വിദേശ ഫണ്ട് സ്വീകരിക്കുന്നതിന്റെ ദോഷങ്ങൾ

19 (19) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബയോ ഡൈവേഴ്സിറ്റി സെല്ലിന് ഏതു പ്രോജക്റ്റിനും ഏതുഫണ്ടും ഏതു ഏജൻസിയിൽ നിന്നും സ്വീകരിക്കാമെന്ന വ്യവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വ്യവസ്ഥ വിദേശ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ഫണ്ട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ ജൈവരഹസ്യങ്ങൾ ചോർത്താൻ വിദേശ ഏജൻസികൾക്ക് സൗകര്യമുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ വ്യവസ്ഥ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ബയോ ഡൈവേഴ്സിറ്റി സെൽ എന്നൊന്ന് നിലവിലില്ല. എന്നാൽ ബയോ ഡൈവേഴ്സിറ്റി സംബന്ധമായ കാര്യങ്ങളെക്കുറിച്ച് സർക്കാരിന് ഉപദേശങ്ങൾ നൽകാനായി ഒരു ബയോ ഡൈവേഴ്സിറ്റി കമ്മിറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള നിർദ്ദിഷ്ട ബയോ ഡൈവേഴ്സിറ്റി ആക്ട് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയിലാണ്. ഇതിൽ സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ആക്ടിനു മുന്നോടിയായി സംസ്ഥാന ബയോ ഡൈവേഴ്സിറ്റി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന ബയോ ഡൈവേഴ്സിറ്റി സംരക്ഷിക്കുന്നത് സംബന്ധിച്ചുള്ള " കേരള ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ ഓർഡർ 2000" (കരട്) ഇപ്പോൾ ടി കമ്മിറ്റിയുടെ പരിഗണനയിലാണ്. ഈ ഓർഡറിൽ സെല്ല് രൂപീകരിക്കുന്നതിന്റെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പ്രഖ്യാപിത നയങ്ങൾക്കും താല്പര്യങ്ങൾക്കും വിരുദ്ധമായതൊന്നും ഈ ഓർഡറിൽ ഉണ്ടായിരിക്കുന്നതല്ല. കൂടാതെ വിദേശ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും നേരിട്ട് ഫണ്ട് സ്വീകരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രത്യേക അനുമതി ആവശ്യമാണെന്ന നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

നാലാം വാർഷികത്തോടനുബന്ധിച്ച് നൽകിയ പരസ്യങ്ങൾ

20 (20) ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നാലാം വാർഷികത്തോടനുബന്ധിച്ച് നൽകിയ പരസ്യങ്ങൾ ഏതെങ്കിലും പരസ്യകമ്പനികളോ ഏജൻസികളോ മുഖേനയാണോ നൽകിയിട്ടുള്ളത്:

(ബി) ആണെങ്കിൽ ഏതെല്ലാം പരസ്യകമ്പനികളോ ഏജൻസികളോ വഴിയാണ് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പരസ്യകമ്പനിക്കും ഏജൻസി ഇനത്തിൽ എന്തു തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല. പബ്ലിക് റിലേഷൻസ് വകുപ്പ് നേരിട്ടാണ് നൽകിയിട്ടുള്ളത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നാലാം വാർഷികത്തോടനുബന്ധിച്ച് പത്രമാസികകൾക്ക്നൽകിയ പരസ്യങ്ങൾ

21 (21) ശ്രീ. ജോർജ് ജെ. മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റിന്റെ 4-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് പത്രമാസികകൾക്ക് പരസ്യങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പത്രമാസികകൾക്കാണ് പരസ്യം നല്കിയത് ;

(ബി) ആയിനത്തിൽ എന്തു തുക ചെലവായി ;

(സി) ഓരോ പത്രമാസികയ്ക്കും ഇതിനുവേണ്ടി എന്തു തുക വീതം കൊടുത്തു ;

(ഡി) ഈ ഗവൺമെന്റിന്റെ 4-ാം വാർഷികത്തോടനുബന്ധിച്ച് പത്ര മാസികകൾ വഴിയല്ലാതെ മറ്റേതെങ്കിലും വിധത്തിലുള്ള പരസ്യങ്ങൾ നല്കിയിട്ടുണ്ടോ ; എങ്കിൽ എങ്ങനെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിനു വേണ്ടി ആർക്കെല്ലാം എന്തു തുക വീതം കൊടുത്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 51 പത്രങ്ങൾക്ക് പരസ്യം നല്കിയിട്ടുണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഏകദേശം 11,73,040 രൂപ (പതിനൊന്നു ലക്ഷത്തി എഴുപത്തിമൂവായിരത്തി നാല്പത് രൂപ) ചെലവാകും.

(സി) തുക നല്കിയിട്ടില്ല. ബില്ലുകൾ കിട്ടുന്ന മുറയ്ക്ക് നല്കുകയുള്ളു. പത്രങ്ങൾക്ക് കൊടുക്കാനുള്ള തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly